# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2865 — 15.12.2015 ൽ മറുപടിക്ക്

## സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിലാണ് ഉച്ചഭക്ഷണം വിതരണം ചെയ്തുവരുന്നത്; | (എ) സംസ്ഥാനത്ത് ഗവ./എയ്ഡഡ് മേഖലകളിലായി ആകെ 12358 സ്കൂളുകളിൽ ഉച്ചഭക്ഷണം വിതരണം ചെയ്തു വരുന്നു. |
| (ബി) ഉച്ചഭക്ഷണ പദ്ധതിയുടെ ഫണ്ടിന്റെ സ്രോതസ്സ് എങ്ങനെയെന്ന് വെളിപ്പെടുത്താമോ; | (ബി) സ്കൂൾ ഉച്ചഭക്ഷണപരിപാടി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പരിപാടിയായിട്ടാണ് ഇപ്പോൾ നടത്തിവരുന്നത്. സ്കൂൾ ഉച്ചഭക്ഷണപദ്ധതിയുടെ നടത്തിപ്പിനു ഓരോ സാമ്പത്തിക വർഷം കേന്ദ്രം താഴെപ്പറയും പ്രകാരം സംസ്ഥാനത്തിനു ഫണ്ട് അനുവദിച്ചു നൽകുന്നു.<br>1. അരിയും ആയത് FCI ൽ നിന്നും നൽകുന്നതിലേക്കായി മെട്രിക് ടണ്ണിനു 5650/- രൂപ പ്രകാരം നൽകുന്നുണ്ട്.<br>2. എഫ്.സി.ഐ യിൽ നിന്നും ടി അരി എടുത്തു വിതരണം ചെയ്യുന്നതിനു കടത്തുകൂലിയായി മെട്രിക് ടണ്ണിനു 750/- രൂപ<br>3. സ്കൂൾ പാചകതൊഴിലാളിക്ക് മാസം 750/-രൂപ<br>4. പലവ്യഞ്ജനം, പയറുവർഗ്ഗങ്ങൾ, എണ്ണ, വിറക്, പച്ചക്കറി എന്നിവയ്ക്ക് കുട്ടി ഒന്നിനു പ്രൈമറി അപ്പർ പ്രൈമറി വിഭാഗത്തിനു സ്കൂൾ പ്രവൃത്തി ദിവസം യഥാക്രമം 2.82/- രൂപ, 4.23/- രൂപ നൽകി വരുന്നു.<br>5. അരിയുടെ വില കടത്തുകൂലി, കണ്ടിജന്റ് ചാർജ്, സ്കൂൾ പാചകതൊഴിലാളികളുടെ വേതനം എന്നിവയ്ക്കായി അനുവദിക്കുന്ന ആകെ തുകയുടെ 1.8% തുക പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാർ നൽകി വരുന്നു.<br>സംസ്ഥാനം മേൽ തുകയോടൊപ്പം കടത്തുകൂലിയായി മെട്രിക് ടണ്ണിനു 1400/- രൂപയും സ്കൂൾ പാചകതൊഴിലാളികൾക്ക് സ്കൂൾ പ്രവൃത്തി ദിവസം മിനിമം350/- രൂപയും പരമാവധി 400/- രൂപ നിരക്കിലും പലവ്യഞ്ജനം, പയറുവർഗ്ഗങ്ങൾ, എണ്ണ, വിറക്, പച്ചക്കറി എന്നിവയ്ക്ക് പ്രൈമറി അപ്പർ പ്രൈമറി വിഭാഗത്തിനു യഥാക്രമം 2.18/-രൂപ, 77 പൈസ എന്നീ നിരക്കിലും കൂടി ചേർത്ത് പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ അദ്ധ്യയന വർഷത്തേക്ക് ഉച്ചഭക്ഷണ പദ്ധതിക്കായി എന്ത് തുക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; തുക വകയിരുത്തിയിട്ടുണ്ടോ; | (സി) | ഈ അദ്ധ്യയന വർഷത്തേക്ക് കേന്ദ്ര സംസ്ഥാന വിഹിതമായി 631.67 കോടി രൂപ വക കൊള്ളിച്ചിട്ടുണ്ട്. അത്രയും രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | 2015 നവംബർ 30 വരെ ഈയിനത്തിൽ എന്ത് തുക ഖജനാവിൽ നിന്നും പിൻവലിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ; | (ഡി) | 2015 നവംബർ 30 വരെ ഈയിനത്തിൽ 293.13 കോടി രൂപ ഖജനാവിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. |
| (ഇ) | ഉച്ചഭക്ഷണ ചെലവിനത്തിൽ പ്രധാന അദ്ധ്യാപകർക്ക് കുടിശ്ശിക നൽകാനുണ്ടോ; എങ്കിൽ എന്നു മുതൽക്കുള്ള എത്ര തുകയാണ് കുടിശ്ശികയെന്ന് വ്യക്തമാക്കാമോ? | (ഇ) | ഉച്ചഭക്ഷണ ചെലവിനത്തിൽ പ്രധാന അദ്ധ്യാപകർക്ക് കുടിശ്ശികയൊന്നും നൽകാനില്ല. |

**സെക്ഷൻ ഓഫീസർ**